# Deepika
# 9 August 2018
# Kochi, Students, Medicines and Groceries Collected, Rain Havoc



## വിദ്യാർഥികൾ ശേഖരിച്ച മരുന്നും പലവ്യഞ്ജനങ്ങളും വിതരണം ചെയ്തു

**കൊച്ചി:** മഴക്കെടുതിയിൽ ദുരിതം അനുഭവിക്കുന്നവർക്കായി ഏരൂർ ഭാവൻസ് വിദ്യാമന്ദിർ സ്കൂളിലെ വിദ്യാർഥികൾ സമാഹരിച്ച മരുന്നും പലവ്യഞ്ജന സാധനങ്ങളും എരൂർ കൊപ്പറമ്പ് പാമ്പാടിത്താഴം പ്രദേശത്തെ വീടുകളിലും പകൽവീട്ടിലും വിതരണം ചെയ്തു.

സ്കൂൾ ഇന്റഗ്രിറ്റി ക്ലബ് ഭാരവാഹികളും അധ്യാപകരുമായ പി.ഡി. ശ്രീലത, സന്ധ്യ വി. മേനോൻ എന്നിവർ വിതരണത്തിനു നേതൃത്വം നൽകി.